പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2633 | 10.12.2014- ൽ മറുപടിക്ക് |

## ഇംഹാൻസിന് മികവിന്റെ കേന്ദ്രം പദവി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കേന്ദ്രസർക്കാർ ഇംഹാൻസിന് മികവിന്റെ കേന്ദ്രം പദവി നല്കിയിട്ടുണ്ടോ; | എ) | 11-ാം പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ 11 സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി (Centre of Excellence) വികസിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതിനെ തുടർന്ന്. സംസ്ഥാന സർക്കാരിന്റെ ശുപാർശയെത്തുടർന്ന് 2009 വർഷത്തെ F. No. T-21013/15/09-NCD (Pt) dated 4-9-2009 ഉത്തരവ് പ്രകാരം കേന്ദ്രസർക്കാർ ഇംഹാൻസിനെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ മികവിന്റെ കേന്ദ്രം പദവിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇംഹാൻസിൽ നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ; | ബി) | മാനസികാരോഗ്യ രംഗത്ത് മനുഷ്യ വിഭവശേഷി വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഇംഹാൻസിനുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. 7500 ച. മീ. വലിപ്പമുള്ള കെട്ടിടമാണ് നിർമ്മാണം പൂർത്തിയായിരിക്കുന്നത്. പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ ഇവിടെ 75 കിടക്കകൾ ഉള്ള കിടത്തി ചികിത്സ സൗകര്യവും ഒ.പി. ചികിത്സാ സൗകര്യവും, കുട്ടികൾക്കുള്ള 5 വലിയ ക്ലാസ്റൂമുകൾ, സെമിനാർ ഹാൾ, വിപുലമായ ലൈബ്രറി സൗകര്യം, ലബോറട്ടറി എന്നിവ സജ്ജമാക്കുന്നതാണ്. മികവിന്റെ കേന്ദ്രമാകുന്നതിന്റെ ഭാഗമായി സൈക്യാട്രി, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക്ക് സോഷ്യൽ വർക്ക്, സൈക്യാട്രിക്ക് നഴ്സിംഗ് എന്നിവയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിക്കാനുള്ള പ്രാരംഭനടപടികൾ പൂർത്തിയായി കഴിഞ്ഞു. സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിൽ കോഴ്സ് ഈ |

| | | | |
|---|---|---|---|
| | | | വർഷം ആരംഭിച്ചു കഴിഞ്ഞു. |
| സി) | പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട്എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ; | സി) | കേന്ദ്രസർക്കാർ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഇംഹാൻസിനെ ഉൾപ്പെടുത്തുകയും 30 കോടി രൂപ ഗ്രാന്റ് ആയി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയിൽ 27 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനും 3 കോടി രൂപ ശമ്പളത്തിനുമാണ് അനുവദിച്ചിട്ടുള്ളത്. |
| ഡി) | കേന്ദ്രസർക്കാർ ഇംഹാൻസിന് നൽകിയ ഫണ്ടുകൾ ഏതെങ്കിലും സറണ്ടർ ചെയ്തിട്ടുണ്ടോ; | ഡി) | കേന്ദ്ര സർക്കാർ ഇംഹാൻസിന് നൽകിയ ഫണ്ടിൽ നിന്നും 8,47,50,628/ (എട്ടുകോടി നാല്പത്തിയേഴ ലക്ഷത്തി അമ്പതിനായിരത്തി അറുന്നൂറ്റി ഇരുപത്തിയെട്ട് രൂപാ മാത്രം) രൂപ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്. |
| ഇ) | ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | ഇ) | 2010-2011 സാമ്പത്തിക വർഷത്തിൽ 20.84 കോടി രൂപ ഗ്രാന്റായി കേന്ദ്ര സർക്കാർ ഇംഹാൻസിന് നല്കിയിരുന്നു. ഇതിൽ 12,90,79,816 രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ഇംഹാൻസ് ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റുകളുമായി ബന്ധപ്പെട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമായും സമർപ്പിക്കാത്ത സ്ഥാപനങ്ങൾ. ടി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കൃത്യമായി സമർപ്പിക്കേണ്ടതാണെന്നും ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കണമെന്നുമുള്ള പൊതു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനായി പലിശയുൾപ്പെടെ 8,47,50,628 രൂപ ഇംഹാൻസ് സംസ്ഥാന ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റിയിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**